പത്താം ക്ലാസ് – കേരള പാഠാവലി

# കടൽത്തീരത്ത്

**ഒ.വി വിജയൻ:** മലയാള കഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ എന്ന നിലയിൽ ചിരസ്മരണീയൻ. കാർട്ടൂണിസ്റ്റ്, ചിന്തകൻ കോളമിസ്റ്റ്, എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു.കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ് ക്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ് ,ഓടക്കുഴൽ അവാർഡ്, സഞ്ജയൻ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**പ്രധാന കൃതികൾ –** ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ) ഒരു നീണ്ട രാത്രിയുടെ ഓർമക്കായി, അശാന്തി, ബാലബോധിനി, കടൽത്തീരത്ത് ,കാറ്റ് പറഞ്ഞ കഥ, (കഥാ സമാഹാരങ്ങൾ) .ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്കായി, ഇതിഹാസത്തിന്റെ ഇതിഹാസം (ലേഖനങ്ങൾ )

## പഠനക്കുറിപ്പുകൾ

- ഭാവതീവ്രമായ ആഖ്യാനംകൊണ്ട് ശ്രദ്ധേയമായ ചെറുകഥ . മകന്റെ മരണത്തിന് സാക്ഷിയാവാൻ യാത്രയാവുന്ന വെള്ളായിയപ്പൻ .
- വെള്ളായിയപ്പനൊപ്പം തേങ്ങുന്ന പാഴുതറ ഗ്രാമം. .
- തികച്ചും വൈയക്തികമായ അനുഭവ പശ്ചാത്തലത്തിന് സാമൂഹിക മാനങ്ങൾ നൽകുകയാണ് കഥാകൃത്ത്.

### ആവിഷ്ക്കാരഭംഗി

- കൂട്ടനിലവിളി തൊട്ടടുത്ത വീടുകളിലേക്ക് പടരുന്നു.
- വ്യക്തി – കുടുംബം – സമൂഹം ( പാഴുതറ ഗ്രാമം )എന്നീ തലങ്ങളിലേക്ക് വെള്ളായിയപ്പന്റെ ദുഃഖം പടരുന്നു.
- വെള്ളായിയപ്പൻ ഒറ്റയ്ക്ക് യാത്ര തിരിക്കുന്നത്.
- ഗ്രാമവാസികൾ ഒന്നടങ്കം കണ്ണൂരിലേക്കു പോവുമായിരുന്നു.

- ഓരു ഗ്രാമം മുഴുവൻ വെള്ളായിയപ്പന് ഒപ്പമുണ്ട് . വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ കൂടിയാവുന്നു.
- കണ്ണൂരിലേക്കുള്ള തീവണ്ടി യാത്ര പാഴുതറ ഗ്രാമത്തിന് വേണ്ടിയായിരുന്നു. - ഗ്രാമത്തിന് വെള്ളായിയപ്പനോടുള്ള മനോഭാവം
- വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു- മകന്റെ മരണവുമായി ബന്ധപ്പെട്ട പ്രസ്ഥാവനകളൊന്നും കഥാകൃത്ത് അവതരിപ്പിക്കുന്നില്ല

## ആഖ്യാന സവിശേഷത

- അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി. - ഭാഷാപ്രയോഗത്തിന്റെ സൂക്ഷ്മ സാധ്യതകൾ. ഭാവതീവ്രമായ ആവിഷ്ക്കാരത്തിൽ ഭാഷയുടെ സൂക്ഷ്മമായ പ്രയോഗത്തിന്റെ അംശമുണ്ട്.
- കൊച്ചുകൊച്ചു വാക്കുകൾ, വാക്യങ്ങൾ - ആഖ്യാന മികവ്
- വാചാലമാകുന്ന മൗനങ്ങൾ ഏറെയുണ്ട്.
- കുട്ട്യസ്സൻ മാപ്പിളയെ കാണുന്നു. - വെള്ളായിയോ മരയ്ക്കാരേ (യാത്ര, എത്ര മാത്രം സംഘർഷഭരിതമായിരുന്നു എന്ന സൂചന
- പറയാതെ പറയുന്ന മൗനം
- ജയിലെത്തിയ വെള്ളായിയപ്പന്റെ മോനേ എന്ന വിളിയും -സാന്ദ്രമായ ദുഃഖത്തിന്റെ മൂർത്തഭാവം അവതരിപ്പിക്കുന്നു.
- അന്ധകാരത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന.
- പറമ്പിലെ മഞ്ഞ പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖ സഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടു പോകുന്നു.
- പനമ്പട്ടകൾ സംസാരിക്കുന്നതു പോലെ
- കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി . പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി.

- അധികമൊന്നും സംസാരിക്കാതെ രണ്ടേ രണ്ട് വാക്കുകൽ .എന്നാൽ ഈ വാക്കുകൾക്കിടയിൽ പടരുന്ന സാന്ത്വനത്തിന്റെ സഹനത്തിന്റെ അലിവിന്റെ ഭാവങ്ങൾ വായനക്കാർ അനുഭവിക്കുക തന്നെ ചെയ്യുന്നു. -ഒ.വി വിജയന്റെ ആഖ്യാന മികവ് , ഗദ്യ ഭാഷയുടെ കാവ്യാത്മകത, സ്നേഹ ബന്ധങ്ങളുടെ ആഴവും വ്യാപ്തിയും വെളിപ്പെടുത്തുന്നു.

## കഥയിലെ ഇമേജുകൾ, ബിംബങ്ങൾ, സൂചനകൾ

- ***പൊതിച്ചോറ്*** **–** കോടച്ചി കൊടുത്തയക്കുന്നത് .
- വെള്ളായിയപ്പന്റെ ചിന്തകളിലൂടെയാണ് ചോറ് പൊതിയുടെ വ്യത്യസ്ഥ മാനങ്ങൾ വായനക്കാരിലേക്ക് പകരുന്നത്.
- ചോറ് പൊതിയുമ്പോൾ കോടച്ചി ഉതിർത്ത കണ്ണുനീർ വെള്ളായിപ്പൻ അനുഭവിച്ചറിയുന്നു..
- വെള്ളായിപ്പനൊപ്പം വായനക്കാരന്റെ കണ്ണുകളും ഈറനണിയുന്നു.
- യാത്രയിലുടനീളം തന്നോടൊപ്പമുള്ള പൊതിച്ചോറ് വെള്ളായിയപ്പന്റെ കരുതൽ കൂടിയാണ്.
- വിശപ്പും ദാഹവും ഉണ്ടായിട്ടും പൊതികെട്ടഴിക്കാൻ തയ്യാറാകുന്നില്ല. .അത് പുളിച്ചുപോവുന്നു. നിർഭാഗ്യവാനായ അച്ഛന്റെ ധർമ്മസങ്കടം.
- ***കാക്കകൾ–*** മരിച്ചവരുടെ ആത്മാക്കളുടെ പ്രതീകമായി കണക്കാക്കാറുണ്ട് **.** ബലിച്ചോറായി കാക്കകൾക്ക് മുന്നിലെത്തുന്ന പാഥേയം, നിസ്സഹായന്റെ നിലവിളിയായി കഥാന്ത്യത്തിൽ പരിണമിക്കുന്നു.
- ***കാറ്റ്*** **–** പാലക്കാടൻ കാറ്റ് - കാറ്റിന്റെ സമസ്ത ഭാവങ്ങളും കഥയിൽ
- കാറ്റ് സ്നേഹത്തിന്റെ സാന്ത്വനത്തിന്റെ പ്രണയത്തിന്റെ ത്യാഗത്തിന്റെ അടയാളമാണ് .
- **കാറ്റ് , ഒ.വി വിജയന്റെ കഥകളിലെ സവിശേഷ സാന്നിധ്യം**
- കരിമ്പനകളിൽ കാറ്റ് പിടിച്ചു.
- മലയിൽ ആറ്റിത്തണുപ്പിച്ച വെയിൽ, ചുരത്തിലൂടെ മലവെള്ളംപോലെ ആർത്തിരമ്പി

പാലക്കാട്ടേയ്ക്ക് വീശുന്ന കിഴക്കൻകാറ്റ്.

- ചുരത്തിലൂടെ കടലേറ്റം പോലെ കിഴക്കൻ കാറ്റ് തിരതല്ലി.
- ഊണ് കഴിച്ച് പായവിരിച്ച് ഉറങ്ങാൻ കിടന്നു. വർഷങ്ങൾക്കുശേഷം ആദ്യമായി എയർക്കണ്ടീഷണറില്ലാതെ ഉറങ്ങുകയാണ്. പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം.
- ചുരത്തിലൂടെ കടലേറ്റംപോലെ കിഴക്കൻകാറ്റ് തിരതല്ലി.”

- “തസ്കരനെ വാലമീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു.”
- പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി.
- വെള്ളായിയപ്പന്റെ ജീവിത സാഹചര്യങ്ങൾ കടൽതീരത്ത് എന്ന കഥയിൽ വായിച്ചെടുക്കാം- കൈയിൽ ഘടികാരമില്ലാത്ത അയൾക്ക് സമയം കൃത്യമായി അറിയാൻ കഴിഞ്ഞു.
- പ്രകൃതിയുടെ താളം തന്റെ ജീവിതത്തിന്റെ താളം കൂടിയാണ് .
- പാലക്കാടൻ കാറ്റിന്റെ ഗതവേഗങ്ങൾ അന്നാട്ടുകാർക്ക് സുപരിചിതമാണ് . കഥയുടെ പശ്ചാത്തലം ഒരനുഭവവമായി മാറുകയാണ് ഇവിടെ.
- കാറ്റ് പറഞ്ഞ കഥയിലും കടൽതീരത്തും കാറ്റ് സവിശേഷ സാന്നിധ്യമാകുന്നു.

✔ **<u>സ്നേഹ ബന്ധത്തിൽ വ്യത്യസ്ത തലങ്ങൾ - കടൽത്തീരത്ത്</u>**
വെള്ളായിയപ്പനും കണ്ടുണ്ണിയും തമ്മിലുള്ള ബന്ധം.

✔ യാത്രക്കിടയിൽ വന്ന മകനുമായി ബന്ധപ്പെട്ട ഓർമ്മകൾ

✔ പുഴയുടെ നിസ്സഹായമായ സാന്നിധ്യം

✔ ഗ്രാമവാസികൾ വെള്ളായിയപ്പനോടും മകനോടും പ്രകടിപ്പിക്കുന്ന സ്നേഹം ,

✔ പൊതിച്ചോറ്, അമ്മ – കോടച്ചി - കണ്ണീർ നനവ്

✔ പുളിച്ച പാഥേയം ബലിച്ചോറായി പരിണമിക്കുന്നത്

✔ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ

✔ *വെള്ളായിയപ്പൻ കഥാപാത്ര നിരൂപണം*

- - കഥ, കഥാപാത്രം - കടൽതീരത്ത് ശ്രദ്ധേയമായ കഥാപാത്രം - നിസ്സഹായനായ അച്ഛൻ
- പാഴുതറ ഗ്രാമം - അവിടത്തെ മനുഷ്യർ .
- വെള്ളായിയപ്പനോടുള്ള കരുതൽ . സ്നേഹം സമയബോധമില്ല , ദൂരയാത്ര ശീലമില്ല
- ജയിലിലെ ചിട്ടവട്ടങ്ങൾ അറിയില്ല. പലരോടും വഴി ചോദിക്കുന്നത് - അവരുടെ പരിഹാസം
- ജയിലിൽ എത്തുന്നത് സന്ദർശക സമയത്തല്ല .പാറാവ്കാരന് തോന്നുന്ന അലിവ്
- കാര്യങ്ങൾ ബോധ്യപ്പെടുന്ന അച്ഛൻ
- അച്ഛൻ മകൻ സംഭാഷണം
- മകന്റെ ശവശരീരം ഏറ്റുവാങ്ങുന്നത് - സംസ്കാരം

- പണമില്ല - കടൽത്തീരത്ത് മകന്റെ ശവശരീരം സംസ്കാരം
- നിരക്ഷരൻ - എന്നാൽ സ്ഥലകാലത്തിനനുസരിച്ച് പ്രതികരിക്കുന്നു.
- പ്രകൃതിയുടെ ഭാഗം -വെള്ളായിയപ്പന്റെ ഭാഷ
- ആരെയും വേദനിപ്പിക്കുന്ന നിസ്സംഗത

## ആസ്വാദനം തയ്യാറാക്കുമ്പോൾ

- കഥയിലെ പ്രമേയം
- കഥാപാത്രങ്ങൾ
- കഥയുടെ പശ്ചാത്തലം
- ആഖ്യാനരീതി
- ഭാഷ – സ്വന്തം നിരീക്ഷണങ്ങൾ

## സമാസങ്ങൾ / വിഗ്രഹവാക്യങ്ങൾ

- ✔ തീവണ്ടിയാത്ര- തീവണ്ടിയിൽ ഉള്ള യാത്ര
- ✔ കഞ്ഞിനനവ് - കഞ്ഞിയുടെ നനവ്
- ✔ മഞ്ഞപ്പല്ല് - മഞ്ഞനിറത്തിലുള്ള പല്ല്
- ✔ നെടുവരമ്പ്-നെടുതായവരമ്പ്
- ✔ പൊതിച്ചോറ് - പൊതിയിലെ ചോറ്
- ✔ മണൽത്തിട്ടുകൾ - മണലിന്റെ തിട്ടുകൾ
- ✔ ചവിട്ടടിപ്പാത - ചവിട്ടടി കൊണ്ടുണ്ടായ പാത
- ✔ കരിമ്പനപ്പട്ട - കരിമ്പനയുടെ പട്ട
- ✔ നീലിമണ്ണാത്തി - നീലി എന്ന മണ്ണാത്തി
- ✔ കൊലക്കയർ - കൊലയ്ക്കുള്ള കയർ
- ✔ ഇരുമ്പഴിവാതിൽ - ഇരുമ്പിന്റെ അഴിയുള്ള വാതിൽ